(ബി) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മുന്നോട്ടുവരുന്ന സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

&

(സി) ഉണ്ടെങ്കിൽ പ്രസ്തുത പരിശീലന പരിപാടികളുടെ മേൽനോട്ട ചുമതല ഏൽപ്പിച്ചിരിക്കുന്നത് ഏത് ഏജൻസിയെയാണോന്നറിയിക്കുമോ?

വ്യവസായം ആരംഭിക്കാൻ മുന്നോട്ടുവരുന്നവർക്കായുള്ള വിവിധ പരിശീലന പരിപാടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നൽകി വരുന്നുണ്ട്. കൂടാതെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ് ഡെവലപ്മെന്റ് കളമശ്ശേരിയുടെ നേതൃത്വത്തിലും വ്യവസായ സംരംഭകർക്ക് ആവശ്യമായ വിവിധയിനം പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. ഇതിന് പുറമെ പി.എം.എഫ്.എം.ഇ. പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആയി തിരഞ്ഞെടുത്തിട്ടുള്ള കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ നടത്തി വരുന്നു.

(ഡി) ഒരു ജില്ലയിൽ ഒരു വ്യവസായോല്പന്നം പദ്ധതി ഏതെല്ലാം ജില്ലകളിൽ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

കേരളത്തിലെ എല്ലാ ജില്ലകളിലും ടി പദ്ധതി ആരംഭിക്കുന്നുണ്ട്. പദ്ധതിക്കുള്ള അപേക്ഷകൾ എല്ലാ ജില്ലകളിലും ഓൺലൈനായി സ്വീകരിച്ചു വരുന്നുണ്ട്. പ്രസ്തുത പദ്ധതിക്ക് നല്ല രീതിയിലുള്ള അനുകൂല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

അസന്റ് കേരള 2020

154 (1884) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊച്ചിയിൽ സംഘടിപ്പിച്ച അസന്റ് കേരള 2020-ൽ ലഭ്യമായ വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിൽ ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലാണ് ധാരണാപത്രം ഒപ്പുവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ധാരണാപത്രങ്ങൾ പ്രകാരമുള്ള പദ്ധതികൾ എന്തെല്ലാമെന്നും ഇവ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമം അസെൻഡ് കേരള 2020 മുഖേന 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാ പത്രങ്ങളും 117 എണ്ണം താല്പര്യപത്രങ്ങളുമാണ്. ഇത് കൂടാതെ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താല്പര്യം പ്രകടിപ്പിച്ചുകൊണ്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു. പ്രസ്തുത സംഗമത്തിൽ ലോജിസ്റ്റിക്സ്, ജീവശാസ്ത്രം, പെട്രോകെമിക്കൽ, ഭക്ഷ്യസംസ്കരണം, ഇ-മൊബിലിറ്റി തുടങ്ങിയ അനവധി മേഖലകളിലുമുള്ള വൻകിട ചെറുകിട സംരംഭങ്ങൾ പ്രാവർത്തികമാക്കാനുള്ള നിക്ഷേപക നിർദ്ദേശങ്ങളാണ് ലഭിച്ചത്. അസെൻഡ് 2020 വിഭാവനം ചെയ്ത വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കെ.എസ്.ഐ.ഡി.സി.യിൽ ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെൽ സ്ഥാപിച്ചിട്ടുണ്ട്. അസെൻഡ് 2020-ൽ ഒപ്പുവച്ച ധാരണാപത്രത്തിനും താൽപര്യപത്രത്തിനും പുരോഗതി ഉറപ്പുവരുത്താൻ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾ നിലവിൽ വരുന്നതിനാവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുകയാണ് നോഡൽ ഓഫീസർമാരുടെ ചുമതല. മാത്രമല്ല, പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി വിലയിരുത്താൻ നോഡൽ ഓഫീസർമാരുടെ യോഗം കൃത്യമായ ഇടവേളകളിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) മത്സ്യലഭ്യതയാൽ സമൃദ്ധവും വിനോദസഞ്ചാര സാധ്യതകളുള്ള പ്രദേശങ്ങളുടെ സാമീപ്യവും വ്യവസായാവശ്യങ്ങൾക്ക് ഉപയുക്തമാക്കാവുന്ന ഭൂമിയുടെ ലഭ്യതയും കണക്കിലെടുത്ത് വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി, മുളവുകാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വിനോദസഞ്ചാര-വ്യവസായ-മത്സ്യസംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച് നിലവിൽ വ്യവസായ വകുപ്പിൽ പദ്ധതികളൊന്നും പരിഗണനയിലില്ല.